# Dakshina Kerala Jam-iyyathul Ulama

## ജുമുഅ: പ്രസംഗം. പെരുന്നാൾ പ്രഭാഷണം

---

قُلْ بِفَضْلِ اللَّهِ وَبِرَحْمَتِهِ فَبِذَٰلِكَ فَلْيَفْرَحُوا هُوَ خَيْرٌ مِّمَّا يَجْمَعُونَ ﴿يونس ٥٨﴾

- ഈദ് ആശംസകൾ നേരുന്നു.= تقبل الله منا ومنكم
- ഇന്ന് ഈദുൽ ഫിത്വറിന്റെ മഹത്തായ സുദിനമാണ്.
- ഈദ് എന്ന പദത്തിന് അനുഗ്രഹം എന്നാണർത്ഥം. അല്ലാഹുവിന്റെ അനുഗ്രഹം കോരിച്ചൊരിയുന്ന ദിവസം എന്ന നിലക്കാണീ പേര് വന്നത്..

العيد من العود لكثرة عوائد الله أي إفضاله على عباده فيه (تحفة)

- അതുകൊണ്ടാണ് ഈദിന് പെരുന്നാൾ എന്ന് പറയുന്നത്.(പെരും+നാൾ/പെരുംമഴ എന്ന പോലെ)
- പെരുന്നാൾ സന്തോഷത്തിന്റെ ദിവസമാണ് (കുട്ടികൾ/മുതിർന്നവർ/തൊഴിലാളി/മുതലാളി/ഉള്ളവർ/ഇല്ലാത്തവർ/.... എല്ലാവർക്കും.

പുത്തനടുപ്പുകൾ, സുഗന്ധം, സുഭിക്ഷ ഭക്ഷണം) ഈ സന്തോഷ പ്രകടനത്തെ ദീൻ വകവെച്ചു കൊടുക്കുന്നുണ്ട്.

قُلْ بِفَضْلِ اللَّهِ وَبِرَحْمَتِهِ فَبِذَٰلِكَ فَلْيَفْرَحُوا هُوَ خَيْرٌ مِّمَّا يَجْمَعُونَ

- ഭൂമിയിൽ മാത്രമല്ല. ആകാശത്തും സന്തോഷമാണ്. (അല്ലാഹു മലക്കുകളോട് അഭിമാനത്തോടെ സംസാരിക്കും).

فَيَقُولُ الله : فَإِنِّي أُشْهِدُكُمْ يَا مَلائِكَتِي أَنِّي قَدْ جَعَلْتُ ثَوَابَهُمْ مِنْ صِيَامِهِمْ شَهْرَ رَمَضَانَ وَقِيَامِهِمْ

رِضَائِي وَمَغْفِرَتِي (إبن حبان/بيهقي),

- ഇത് മലക്കുകളെ സന്തോഷിപ്പിക്കും.( ഇവർ മനുഷ്യനെ സൃഷ്ടിക്കുന്നതിന് എതിര് നിന്നവരായിരുന്നു. അവർക്ക് നിലപാട് തിരുത്തേണ്ടി വരുന്നു. അത്രമേൽ ഉജ്ജ്വലമായിരുന്നു റമളാൻ).
- അങ്ങനെ മണ്ണിലും വിണ്ണിലും സന്തോഷം നിറയുന്ന ദിവസമാണിന്ന്.

ഈ സന്തോഷം ജോലിയുടെ കൂലി കിട്ടുമ്പോഴുള്ള സന്തോഷമാണ് /സ്വർഗം നേടിയതിന്റെ സന്തോഷമാണ്./പിശാചിനെതിരെ വിജയിച്ചതിന്റെ സന്തോഷമാണ്./ശരീരേച്ഛക്കെതിരെ ആത്മാവിന്റെ വിജയമാണ്.( നമ്മുടെ മുന്നിൽ ഭക്ഷണം, പാനീയം, ഭാര്യ, ഉണ്ടായിരുന്നു. അവയെ നാം അല്ലാഹുവിന് വേണ്ടി മാറ്റിവച്ചു) ഇതാണ് ഏറ്റവും വലിയ വിജയം.

أن الرسول صلى الله عليه وسلم عندما رجع من إحدى غزواته قال:(رجعنا من الجهاد الأصغر إلى الجهاد الأكبر) (بيهقي)

- ഇഛക്കെതിരെയുള്ള പോരാട്ടം തോല്പിക്കാനാവാത്ത ഈമാനിക വീര്യം സൃഷ്ടിക്കും .ഈ പോരാട്ട വീര്യമാണ് നംറൂദിനെ, ഫറോവയെ, അബൂജഹലിനെ തകർത്തെറിഞ്ഞത്. ഈവീര്യം തന്നെ യാണ് ഫലസ്തീനിയുടെ കരിങ്കൽ ചീളുകൾക്ക് മുൻപിൽ സയണിസ്റ്റുകളെ ദുർബലമാക്കുന്നതും.
- 15 നൂറ്റാണ്ടുകളായി എതിരാളികൾ പരാജയപ്പെട്ട ഈ ദുർഘട പാതയിലാണ് ഫാസിസ്റ്റുകളും സഞ്ചരിക്കുന്നത്. (ഏക സിവിൾകോഡിനുള്ള ശ്രമം ഇപ്പോൾ ശക്തിപ്പെടുത്തുന്നു.)
- ചരിത്രം ആവർത്തിക്കുക തന്നെ ചെയ്യും.

يُرِيدُونَ أَن يُطْفِئُوا نُورَ اللَّهِ بِأَفْوَاهِهِمْ وَيَأْبَى اللَّهُ إِلَّا أَن يُتِمَّ نُورَهُ وَلَوْ كَرِهَ الْكَافِرُونَ (توبة ٣٢)

- അതുകൊണ്ട് ഇന്നത്തെ ആഘോഷം/യാത്ര/വിനോദം ഈമാനിക ചൈതന്യത്തിന് വിരുദ്ധമാകാതിരിക്കണം. തിന്മ കലരാത്തതാകണം.. അത് റമളാനിന്റെ ആത്മാവിന് എതിരാകും./അതുകൊണ്ടാണ് ഇന്നത്തെ ആശംസ പോലും تقبل الله منا ومنكم എന്നായത്. സ്വഹാബാക്കൾ മുതൽ അങ്ങനെയായിരുന്നു.

عن جبير بن نفير قال: كان أصحابُ رسولِ اللهِ صلَّى اللهُ عليْهِ وسلَّمَ إذا التقَوْا يومَ العيدِ يقولُ بعضُهم لبعضٍ : تقبل اللهُ منَّا ومنك (فتح الباري).

ആരോ ഉണ്ടാക്കിയ ഈദ് മുബാറക്കിന് പഴമയുടെ പിൻബലമില്ല.

- യഥാർത്ഥത്തിൽ പെരുന്നാളിന്റെ സന്തോഷം പ്രകടിപ്പിക്കേണ്ടത് സൃഷ്ടികളെ സന്തോഷിപ്പിച്ചുകൊണ്ടാകണം.

(മാതാപിതാ, കുടുംബ- സന്ദർശനം/അയൽക്കാർക്ക് ഭക്ഷണ പങ്കാളിത്തം/ ആശുപത്രി/ജയിൽ/ രോഗി സന്ദർശനങ്ങൾ/ഭക്ഷണ വിതരണം/ഇവ പൂർത്തിയാക്കുക.).

- ഇത് അല്ലാഹുവിനെ സന്തോഷിപ്പിക്കും.

والله في عون العبد ما كان العبد في عون أخيه (مسلم)

ارْحَمُوا مَنْ فِي الأَرْضِ يَرْحَمْكُمْ مَنْ فِي السَّمَاءِ " (البخاري)

- നാട്ടിലെ അമുസ്‌ലികളോട് സ്നേഹം പങ്ക് വെക്കുക. അത് ദഅ്‌വത്താണ്/കടമയാണ്. (വിശിഷ്യാ അയൽവാസികളോട്. അവരിൽ മുസ്‌ലിം അമുസ്‌ലിം വ്യത്യാസമില്ല) അപ്പോഴേ നാം മുസ്‌ലിമാകൂ.

وَأَحْسِنْ إِلَى جَارِكَ تَكُنْ مُؤْمِناً (ترمذي)

ചരിത്രം: ഒരാൾ മരിച്ചപ്പോൾ ജനം നല്ലതു പറഞ്ഞു അപ്പോൾ സ്വർഗ്ഗം/മോശം പറഞ്ഞപ്പോൾ നരകം. (ഹദീസ്).

- ഇതാണ് ഫിത്വ്ർ സക്കാത്തിന്റെ ആത്മാവ്. ഈ സദ്ഗുണങ്ങൾ നിലനിർത്തുക ഇതാണ് പെരുന്നാളിന്റെ സന്ദേശം. ഒരിക്കൽ കൂടി ഈദാശംസകൾ നേരുന്നു...

تقبل الله منا ومنكم

الله أكبر ولله الحمد


തയ്യാറാക്കിയത്:

സി.എ. മൂസാ മൗലവി മുവാറ്റുപുഴ. 9447465648